പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1478

10-02-2020-ൽ മറുപടിക്ക്

**കേരഫെഡ്**

**ചോദ്യം**

**ശ്രീ. കെ.വി.വിജയദാസ്**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ കേരഫെഡുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അഴിമതികൾ ഏതൊക്കെയാണെന്ന വിശദവിവരം നൽകാമോ; | (എ) | 2011-16 കാലയളവിൽ കേരഫെഡിൽ പച്ചത്തേങ്ങാ സംഭരണം, ഉണക്ക് യന്ത്രങ്ങൾ എന്നിവ വാങ്ങുന്നതിനായും അനുബന്ധ ഷെഡ്ഡുകളുടെ നിർമ്മാണത്തിനായും കരുനാഗപ്പള്ളി, നടുവണ്ണൂർ പ്ലാന്റുകളുടെ ശേഷി വർദ്ധനയ്ക്കു വേണ്ടിയുള്ള യന്ത്രങ്ങളും മറ്റും വാങ്ങുന്നതിനായും ക്ഷണിച്ച ദർഘാസ് നടപടികളിലെ ക്രമക്കേടുകൾ, കരാർ ജീവനക്കാർക്ക് അധിക ശമ്പളം നല്കിയത് ഉടങ്ങിയവയുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങൾ സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലെ സ്പെഷ്യൽ വിജിലൻസ് സെൽ പ്രാരംഭ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.<br><br>കേരഫെഡിലെ രേഖകൾ അനുസരിച്ച് 2011-2016 കാലയളവിൽ താഴെ പരാമർശിക്കുന്ന പ്രകാരം വിവിധ വിഷയങ്ങളിൽ വിജിലൻസ് അന്വേഷണം നടന്നു വരുന്നു.<br><br>1. വിജിലൻസ് എൻക്വയറി നം.QV-19/2014/SIUI-കേരഫെഡിന്റെ 19-03-2013 ലെ ഭരണ സമിതി തീരുമാനം അനുസരിച്ച് M/s.AUM Consultancy, Chennai എന്ന സ്ഥാപനത്തെ കേരഫെഡിന്റെ 'Marketing Consultancy' ആയി നിയമിച്ചത് സംബന്ധിച്ച്.<br>2. വിജിലൻസ് കേസ് ക്രൈം നം.VC/03/2018/SIU-1-മെക്കാനിക്കൽ കൊപ്ര ഡ്രയറുകൾ വാങ്ങുകയും, സ്ഥാപിക്കുകയും ചെയ്തത് സംബന്ധിച്ച്.<br>3. വിജിലൻസ് കേസ് നം.VC/01/14/SIS-1-2013-2016 കാലയളവിലെ പച്ചത്തേങ്ങാ സംഭരണം സംബന്ധിച്ച്.<br>4. വിജിലൻസ് കേസ് നം.VC/01/14/SIUI - 2013 ൽ ഉപഹാരങ്ങൾ വാങ്ങിയത് വിതരണം ചെയ്തത് സംബന്ധിച്ച്. |

| | | | |
|---|---|---|---|
| | | | 5. വിജിലൻസ് കേസ് നം.VC/04/17/SRT-കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറിയിൽ 2014-ൽ കൊപ്രയാട്ട് യന്ത്രം സ്ഥാപിച്ചത് സംബന്ധിച്ച്. |
| (ബി) | പ്രസ്തുത അഴിമതിക്കേസുകളിൽ എത്ര പേർക്കെതിരെ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ? | (ബി) | സ്പെഷ്യൽ വിജിലൻസ് സെൽ സമർപ്പിച്ച പ്രാഥമിക അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറായിരുന്ന ശ്രീ. അശോക് കുമാർ തെക്കനെ ഡയറക്ടർ സ്ഥാനത്തു നിന്ന് നീക്കം ചെയ്യുകയും ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ